**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4015** **27-10-2021 - ൽ മറുപടിയ്ക്ക്**

**വഴിയോര കച്ചവടം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വഴിയോര കച്ചവടം മുമ്പില്ലാത്തവിധം വ്യാപിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ നഗരസഭാ പരിധിക്കുള്ളിൽ 2015-17 കാലഘട്ടത്തിലും 2021 ജൂലൈ-സെപ്റ്റംബർ കാലഘട്ടത്തിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തിയിരുന്നു. ആയത് പ്രകാരം നഗരപ്രദേശങ്ങളിലെ തെരുവ് കച്ചവടക്കാരുടെ ആകെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമപ്രദേശങ്ങളിലെ തെരുവ് കച്ചവടക്കാരെ സംബന്ധിച്ച സർവ്വേ പുരോഗമിച്ച് വരികയാണ്. |
| (ബി) | വഴിയോരക്കച്ചവടം വ്യാപകമാകുന്നതിലൂടെ പൊതുഗതാഗതം തടസ്സപ്പെടുന്നതും പൊതു സ്ഥലങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ, സ്കൂൾ കോളേജ് പരിസരത്ത് മയക്കുമരുന്നുവില്പന തുടങ്ങിയവ വർദ്ധിക്കുന്നതും തടയാൻ വഴിയോരക്കച്ചവടത്തിന് ആവശ്യമായ നിയന്ത്രണങ്ങളോടെയുള്ള മാർഗ്ഗനിർദ്ദേങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറാകുമോ; | (ബി) | നഗര പ്രദേശങ്ങളിൽ തെരുവ് കച്ചവടക്കാർക്കായി കേന്ദ്ര സർക്കാർ 2014 ൽ അംഗീകരിച്ച് നിലവിൽ വന്ന തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും)നിയമം 2014 ന്റെ അടിസ്ഥാനത്തിൽ 13.02.2021-ലെ G.O(P) No.10/2019/LSGD നമ്പർ ഉത്തരവ് പ്രകാരം കേരള തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിംഗ്)സ്കീം 2019-ന് അംഗീകാരം നൽകി വിജ്ഞാപനം ചെയ്തിട്ടുണ്ട് പ്രസ്തുത സ്കീമിൻറെ 8-ാം സെക്ഷനിലെ 1-ാം സബ് സെക്ഷൻ 'e' പിരിവ് പ്രകാരം വഴിയോര കച്ചവടം നടത്തുന്ന വ്യക്തി, ടി വ്യക്തിക്ക് അനുവദിച്ച് നൽകിയിരിക്കുന്ന സ്ഥലത്ത് സ്ഥിരമായ നിർമ്മാണങ്ങൾ ഉണ്ടാക്കിയാൽ ടിയാന് കച്ചവടം നടത്തുന്നതിനായി അനുവദിച്ചുനൽകിയിട്ടുള്ള വെൻഡിംഗ് സർട്ടിഫിക്കറ്റ് പിൻവലിക്കുവാനും / റദ്ദ് ചെയ്യുവാനും ഉള്ള അവകാശം നഗരസഭകൾക്കുണ്ട്. ഇതേ സെക്ഷനിലെ 4-ാം സബ് സെക്ഷൻ പ്രകാരം നിലവിലുള്ള നിയമങ്ങൾ ലംഘിക്കുകയോ പൊതു ജനങ്ങൾക്ക് ഹാനികരമാകുന്ന രീതിയിൽ കച്ചവടം നടത്തുകയോ ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റ് റദ്ദ്ചെയ്യുവാൻ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വഴിയോര കച്ചവടത്തിനായുള്ള സ്ഥിരനിർമ്മാണം നിയന്ത്രിച്ച് റോഡുകളും ഫുട്പാത്തുകളും പൊതുജനങ്ങളുടെ യാത്രയ്ക്ക് സുഗമമാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ? | (സി) | കേരള തെരുവ് കച്ചവടക്കാരുടെ (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിംങ്) സ്കീം 2019-ലെ 22-ാം സെക്ഷൻ പ്രകാരം നഗരസഭകളിലെ നഗര തെരുവ് കച്ചവട സമിതികൾ സ്കീം അനുവദിക്കുന്ന നിയന്ത്രണങ്ങളോടെ കച്ചവട മേഖലകൾ കണ്ടെത്തിപ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഈ മേഖലകൾ കണ്ടെത്തുന്നത് പ്രസ്തുത സ്ഥലങ്ങളിലെ കച്ചവടത്തിനുള്ള സാധ്യത, ഗതാഗതത്തിന്റെ തോത്, കാൽനടയാത്രക്കാരുടെ എണ്ണം തുടങ്ങിയ ഘടകങ്ങൾ കൂടി പരിശോധിച്ചതിനുശേഷം മാത്രമായിരിക്കും. റോഡുകളിലും നടപ്പാതകളിലും മറ്റും പൊതുജനങ്ങളുടെ യാത്ര സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കീമിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നഗരസഭകൾക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ